## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2781** **12-03-2018 ൽ മറുപടിക്ക്**

## പാട്ടത്തിന് നൽകിയ സർക്കാർ ഭൂമി

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.വി.കെ. ഇബ്രാഹിംകുഞ്ഞ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമി സംബന്ധിച്ച കേസുകൾ പ്രത്യേകം പരിശോധിച്ച് ഓരോ കേസിലും സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി സമിതി രൂപീകരിച്ചിട്ടുണ്ടോ;<br>(ബി) പ്രസ്തുത സമിതിയിൽ ആരെല്ലാമാണ് അംഗങ്ങളായിട്ടുള്ളത്; സമിതി ഇതു സംബന്ധിച്ച ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) & (ബി) | സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കേസുകൾ ഓരോന്നും പ്രത്യേകം പരിശോധിച്ച് ഓരോ കേസ്സിലും സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് വ്യക്തമായ ശുപാർശ സമർപ്പിക്കുന്നതിന് 18.02.2017 ലെ ജി.ഒ (എം.എസ്) 55/2017/റവ നമ്പർ ഉത്തരവ് പ്രകാരം (1) റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (2) നിയമവകുപ്പ് സെക്രട്ടറി (3) ലാന്റ് റവന്യൂ കമ്മീഷണർ (4) ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണർ എന്നിവരെ ഉൾപ്പെടുത്തി സമിതി രൂപീകരിച്ചിരുന്നതും 17.01.2018 ലെ ജി.ഒ (എം.എസ്) 15/2018/റവ നമ്പർ ഉത്തരവ് പ്രകാരം ടി സമിതിയിൽ ധനകാര്യം (വ്യയം) വകുപ്പ് സെക്രട്ടറിയെക്കൂടി ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചിട്ടുള്ളതുമാണ്. സമിതി ഇത് സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിലേക്കാവശ്യമായ വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടർമാരിൽ നിന്നും ശേഖരിച്ചുവരുന്നു. |
| (സി) പാട്ടക്കാലാവധി കഴിഞ്ഞ ഏതെല്ലാം പാട്ട ഭൂമികളാണ് തിരിച്ചെടുക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | (സി) | ഇത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് സമർപ്പിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ജില്ലാ കളക്ടർമാരിൽ നിന്നും സ്വീകരിച്ചുവരുന്നു. ആയത് പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട സമർപ്പിക്കുന്നതാണ്. |
| (ഡി) ഹാരിസൺ മലയാളം കമ്പനിയുടെ കൈവശമുണ്ടായിരുന്നതും എന്നാൽ ഇപ്പോൾ ബിലീവേഴ്സ് ചർച്ച് കൈവശം വെച്ചിരിക്കുന്നതും നിർദ്ദിഷ്ട വിമാന ത്താവളത്തിന് വേണ്ടി കണ്ടെത്തിയതുമായ സ്ഥലം സർക്കാർ പാട്ട ഭൂമിയാണോ; എങ്കിൽ ഇത് സംബന്ധിച്ച് സമിതിയുടെ ശിപാർശ എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഹാരിസൺ മലയാളം കമ്പനിയുടെ കൈവശമുണ്ടായിരുന്നതും, നിലവിൽ ബിലിവേഴ്സ് ചർച്ച് കൈവശം വച്ചിരിക്കുന്നതും, നിർദ്ദിഷ്ട വിമാനത്താവളത്തിന് വേണ്ടി കണ്ടെത്തിയതുമായ സ്ഥലം ഹാരിസൺ മലയാളം കമ്പനിക്കോ, ബിലിവേഴ്സ് ചർച്ചിനോ പാട്ടത്തിന് നൽകിയത് സംബന്ധിച്ച് യാതൊരു രേഖകളും ലഭ്യമല്ലെന്ന് കോട്ടയം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

കോട്ടയം ജില്ല, എരുമേലി സൗത്ത്, മണിമല വില്ലേജുകളിലായി ബിലിവേഴ്സ് ചർച്ച് കൈവശം വച്ചിരുന്ന 2264 ഏക്കർ ഭൂമി (ചെറുവള്ളി എസ്റ്റേറ്റ്) സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഗവൺമെന്റ് ലാന്റ് റിസപ്ഷൻ സ്പെഷ്യൽ ആഫീസർ ഉത്തരവായിട്ടുള്ളതുമാണ്. സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം ടി ഭൂമി 'സർക്കാർ ശ്രീ. പണ്ഡാരക്കാര്യം ചെയ്വാർകൾ' എന്ന ഇനത്തിൽപ്പെട്ടതാണെങ്കിലും വിദേശ കമ്പനികൾ തമ്മിലുണ്ടാക്കിയ 1923 ലെ 1600-ാം നമ്പർ ഉടമ്പടി പ്രകാരം മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡ് (ഇംഗ്ലണ്ട്) കൈവശം വച്ചിരുന്നതായും എന്നാൽ 1947 ലെ രണ്ട് ആധാരങ്ങൾ പ്രകാരം സ്വകാര്യ വ്യക്തികൾ മലയാളം പ്ലാന്റേഷന് വിൽപ്പന നടത്തിയിട്ടുള്ള രേഖകളാണ് അവസാനമായി ബിലിവേഴ്സ് ചർച്ച് ഹാജരാക്കിയിട്ടുള്ളതെന്നും അറിയുന്നു. ഈ ഭൂമിയിൽ യാതൊരു അവകാശവുമില്ലാത്ത M/s HML 2005 ൽ ചെറുവള്ളി എസ്റ്റേറ്റ് ബിലിവേഴ്സ് ചർച്ചിന് വിൽപ്പന നടത്തുകയായിരുന്നതും, ടി ഭൂമി സർക്കാർ ഭൂമിയാണെന്ന് പരിശോധനയിൽ വ്യക്തമായതിനാൽ സർക്കാരിലേക്ക് ഏറ്റെടുത്ത് ഉത്തരവായതുമാണ്. ടി ഉത്തരവിനെതിരെ ബിലിവേഴ്സ് ചർച്ച് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ സ്റ്റേറ്റസ്കോ ഉത്തരവ് നിലനിൽക്കുന്നതുമാണ്.

(signature)

**സെക്ഷൻ ഓഫീസർ**